പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 81 | 30/01/2019 ൽ മറുപടിയ്ക്ക്.

## സംസ്ഥാന നൈപുണ്യ വികസന മിഷൻ

*ചോദ്യം* | *ഉത്തരം*

*81. ശ്രീ.ആർ. രാജേഷ്
,, എ. പ്രദീപ്കുമാർ
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.വി. അബ്ദുറഹിമാൻ :

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) തൊഴിൽ അന്വേഷകരുടെ നൈപുണ്യവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) തൊഴിലന്വേഷകരുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും ആഗോളതലത്തിലെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1.സെന്റർ ഓഫ് എക്സെലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യവികസന ഇൻസ്റ്റിറ്റ്യൂട്ട്)<br>3. കൗശൽ കേന്ദ്രകൾ<br>4.നൈപുണ്യവികസന കേന്ദ്രങ്ങളുടെ അക്രഡിറ്റേഷൻ<br>5.ഡിസൈൻ മേഖലയിലെ ഉപരി വിദ്യാഭ്യാസത്തിനും പരിശീലനത്തിനും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ<br>കൂടാതെ ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് താഴെ പറയുന്ന നൈപുണ്യ വികസന പദ്ധതികളും നടപ്പിലാക്കിവരുന്നു.<br>i. എംപ്ലോയബിലിറ്റി സെന്ററുകൾ<br>ii. കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ |
| (ബി) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ സംസ്ഥാന നൈപുണ്യ വികസനമിഷൻ ആയി ശക്തിപ്പെടുത്താനുള്ള പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1.സംസ്ഥാനത്തെ നൈപുണ്യ വികസന |

| | |
|---|---|
| | പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു കേന്ദ്രീകൃതസംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി ഭരണപരമായ ഒരു ചട്ടക്കൂട് രൂപീകരിച്ചു.<br>2.സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു ഏകീകൃത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന നൈപുണ്യ വികസന മിഷനെ ഒരു സ്കിൽ സെക്രട്ടേറിയേറ്റായി ചുമതലപ്പെടുത്തി.<br>3.വിദ്യാഭ്യാസ വിചക്ഷണർ, വ്യവസായ പ്രമുഖർ, വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ എന്നിവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് സ്കിൽ സെക്രട്ടേറിയേറ്റിനു ഒരു തിങ്ക് ടാങ്ക്(think – tank) ആയി വേൾഡ് സ്കിൽ ലൈസിയം (World Skill Lyceum) സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>4.മേൽപ്പറഞ്ഞ ഭരണപരമായ ചട്ടക്കൂടിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ നൈപുണ്യവികസനവുമായി ബന്ധപ്പെട്ട് നയം രൂപീകരിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കൗൺസിൽ രൂപീകരിക്കുകയും പ്രസ്തുത കൗൺസിൽ എടുക്കുന്ന നയപരമായ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>5. KASE – ൽ ഒരു ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിച്ച് ധനകാര്യ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഉൽകൃഷ്ട കേന്ദ്രങ്ങൾ (സെന്റർ ഫോർ എക്സലൻസ്) സ്ഥാപിച്ചിട്ടുള്ളതെന്നും അവയുടെ പ്രവർത്തനവും വിശദമാക്കാമോ; | (സി) നിലവിൽ KASE ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന 7 ഉൽകൃഷ്ട കേന്ദ്രങ്ങളുടെ (സെന്റേഴ്സ് ഓഫ് എക്സലൻസ്) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br>1. നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)<br>നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. 4 മാസം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് നഴ്സിംഗ് |

| | |
|---|---|
| | എക്സലൻസ് പ്രോഗ്രാം, 3 മാസം ദൈർഘ്യമുള്ള IELTS എന്ന ഇംഗ്ലീഷ് കോഴ്സ്, ഒരു മാസം ദൈർഘ്യമുള്ള നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം എന്നീ പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനത്തിലൂടെ നൽകി വരുന്നു.<br>2. സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS)<br>സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന Pragmatic Educational Society യുമായി സഹകരിച്ച് CATS എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചുവരുന്നു. അൺ ആർമ്ഡ് സെക്യൂരിറ്റി ഗാർഡ്, സർട്ടിഫിക്കറ്റ് ഇൻ സെക്യൂരിറ്റി മാനേജ്മെന്റ്, പി.ജി. ഡിപ്ലോമ/ ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി എന്നീ പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനത്തിലൂടെ നൽകി വരുന്നു.<br>3. എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR)<br>ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR( Enlighten Skills Program for Oil & Rig) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു. ഫാബ്രിക്കേറ്റർ / ഫിറ്റർ, ജനറൽ ഇലക്ട്രീഷ്യൻ, ഇൻസ്ട്രുമെന്റ് ഫിറ്റർ, വെൽഡർ, ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ, മെക്കാനിക്കൽ സൂപ്പർവൈസർ, ഇലക്ട്രിക്കൽ സൂപ്പർവൈസർ, ഇൻസ്ട്രുമെന്റേഷൻ സൂപ്പർവൈസർ എന്നീ പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനത്തിലൂടെ നൽകി വരുന്നു.<br>4. സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ & ടീച്ചേഴ്സ് ട്രെയിനിംഗ് (CRETT)<br>സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ച് ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന സ്കൂൾ ക്യാമ്പസിൽ പ്രവർത്തിച്ചുവരുന്നു. പ്രോഗ്രാം ഫോർ അച്ചീവിംഗ് കോംപിറ്റൻസീസ് ഓഫ് എഡ്യൂക്കേറ്റേഴ്സ് എന്ന പരിശീലന പദ്ധതി പ്രസ്തുത സ്ഥാപനത്തിൽ നടപ്പിലാക്കിയിരുന്നു. |

| | |
|---|---|
| | 5. KASE ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA)<br>എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമാണ് KASE- Global Nursing Leadership Academy (KGNLA). മൂന്നുമാസം ദൈർഘ്യമുള്ള നഴ്സിംഗ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം പ്രസ്തുത സ്ഥാപനത്തിലൂടെ നടത്തുന്നുണ്ട്.<br>6. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)<br>കൺസ്ട്രക്ഷൻ മേഖലയിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറയിൽ IIIC പ്രവർത്തിച്ചുവരുന്നു. മാനേജീരിയൽ ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്നു കാറ്റഗറികളിലായി പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനം മുഖേന നടത്തുന്നുണ്ട്.<br>7. സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി (SWAT)<br>വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ ഗ്രീൻ മെത്തേഡ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ചേർന്ന് SWAT എന്ന മികവിന്റെ കേന്ദ്രം കൊച്ചിയിൽ ആരംഭിച്ചു. പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ സർട്ടിഫൈഡ് കോഴ്സ് ഇൻ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്പ്ലാന്റ് ഓപ്പറേറ്റർ / ഹെൽപ്പർ എന്ന ഒരു പരിശീലന പദ്ധതി നടത്തുന്നുണ്ട്. |
| (ഡി) തൊഴിൽ സാധ്യതയുള്ള പുതിയ മേഖലകളിൽ വ്യവസായ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉൽകൃഷ്ട കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) വൈവിധ്യവും തൊഴിൽ സാധ്യതയേറിയതും ആയ മേഖലകളിൽ നിന്നും പ്രൊപ്പോസലുകൾ സ്വീകരിച്ചുകൊണ്ട് കൂടുതൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. നിലവിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, ഡിസൈൻ, ലാംഗ്വേജ് ട്രാൻസ് ലേഷൻ സ്കിൽസ് എന്നിവയുമായി ബന്ധപ്പെട്ട് ലഭിച്ച പദ്ധതികൾ പരിശോധിച്ചുവരുന്നു. |

Bindu

സെക്ഷൻ ഓഫീസർ